File No. SJD-E1/186/2020-SJD (Computer No. 1567217 )

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ്- തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് എന്ന സ്ഥാപനത്തെ സാമൂഹ്യനീതി വകുപ്പിൽ നിന്ന് വനിതാ ശിശു വികസന വകുപ്പിലേക്ക് മാറ്റി ഉത്തരവാകുന്നു.

### സാമൂഹ്യനീതി (ഇ) വകുപ്പ്

**സ.ഉ.(സാധാ) നം.567/2020/സാ.നീ.വ** തീയതി,തിരുവനന്തപുരം, 15/10/2020

പരാമർശം:- 1 30/6/2017 ലെ സ. ഉ.( കൈ) നം 24/2017/സാ.നീ. വ.

2 വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ 29/7/2020 ലെ WCD/E8-7994/2020 നം കത്ത്

### ഉത്തരവ്

സാമൂഹ്യ നീതി വകുപ്പ് വിഭജിച്ച് പരാമർശം (1) പ്രകാരം വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ച വേളയിൽ ആഫീസുകളും ക്ഷേമ സ്ഥാപനങ്ങളും വിഷയാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടപ്പോൾ കോഴിക്കോട്, കൊല്ലം എന്നിവിടങ്ങളിലെ പെൺകുട്ടികൾക്കായുള്ള രണ്ട് ആഫ്റ്റർ കെയർ ഹോമുകൾ വനിതാ-ശിശു വികസന വകുപ്പിലും തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് സാമൂഹ്യ നീതി വകുപ്പിലും ഉൾപ്പെടുകയായിരുന്നുവെന്നും ഇപ്രകാരം പെൺകുട്ടികൾക്കുള്ള രണ്ടു സ്ഥാപനങ്ങൾ വനിതാ-ശിശു വികസന വകുപ്പിന് നൽകിയത്, ടി സ്ഥാപനങ്ങളിലെ താമസക്കാർ 18 വയസ്സ് തികഞ്ഞവരായതിനാൽ ലിംഗപരിഗണനാർത്ഥമായിരിക്കാമെന്നും പരാമർശം (2) പ്രകാരം വനിതാശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു .

ജെ.ജെ.ആക്ട്, ജെ.ജെ.മോഡൽ റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് മുഴുവൻ ശിശു സംരക്ഷണ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്നും ജെ.ജെ.ആക്ട് സെക്ഷൻ 46 അനുസരിച്ചാണ് ടി സ്ഥാപനങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തീകരിച്ചതിനു ശേഷം വിടുതൽ ചെയ്യപ്പെടുന്ന കുട്ടികളെ സമൂഹത്തിലെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം, തൊഴിൽ പരിശീലനം, ജീവിതോപാധിയായി തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ എല്ലാവിധ സപ്പോർട്ടും നൽകുക എന്നീ ആഫ്റ്റർ കെയർ ഹോം പ്രോഗ്രാമുകൾ ഉറപ്പാക്കുന്നതിന് വ്യവസ്ഥയുള്ളതെന്നും കൂടാതെ ടി ആക്ടിനെ അടിസ്ഥാനപ്പെടുത്തി രൂപീകരിക്കുന്ന ജെ.ജെ.റൂൾസിൽ ,ആഫ്റ്റർ കെയർ ഹോം സ്ഥാപനങ്ങളിലെ താമസക്കാർക്ക് ചെയ്തു നൽകേണ്ട സൗകര്യങ്ങൾ, ഉത്തരവാദിത്തങ്ങൾ എന്നിവയെല്ലാം അതാത് ജില്ലകളിലെ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ ചുമതലകളിൽപ്പെടുമെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു .

ആഫ്റ്റർ കെയർ ഹോം എന്ന സ്ഥാപനവും അതിലെ താമസക്കാരുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ജെ.ജെ.ആക്ട്, ജെ.ജെ.മോഡൽ റൂൾസ് എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നതാണെന്നും ടി ആക്ടും റൂൾസും സംസ്ഥാനത്ത് നടപ്പാക്കുന്നത് വനിതാ-ശിശു വികസന വകുപ്പും അതിനുള്ള ഭരണ സംവിധാനം ഒരുക്കുന്നത് വകുപ്പിനു കീഴിലുള്ള ICPS യൂണിറ്റുമാണെന്നും ഇതിനുപരിയായി, തലശ്ശേരി ആഫ്റ്റർ കെയർ ഹോമിന് ഫണ്ട് അനുവദിക്കുന്നത് ICPS ൽ നിന്നാണെന്നും സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം നടത്താനുള്ളതും ICPS ൽ നിന്നു തന്നെയാണെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

മേൽ വിവരിച്ച വസ്തുതകളും നിയമ സാധുതയും പരിശോധിക്കുമ്പോൾ തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് എന്ന സ്ഥാപനം വനിതാ-ശിശു വികസന വകുപ്പിൽത്തന്നെയാണ് പ്രവർത്തിക്കേണ്ടതെന്നും ആയതിനാൽ വകുപ്പ് വിഭജന സമയത്ത് ഉണ്ടായ അപാകത പരിഹരിച്ച് ടി സ്ഥാപനത്തെ വനിതാ-ശിശു വികസന വകുപ്പിലേയ്ക്ക് മാറ്റുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം വനിതാശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2015 ലെ ജെ.ജെ. ആക്ട് . സെക്ഷൻ 46 , 2016 ലെ

ജെ.ജെ.മോഡൽ റൂൾ 25 എന്നിവയിൽ സ്ഥാപനം വിട്ട് പുറത്തു വരുന്ന കുട്ടികളുടെ സംരക്ഷണത്തെപ്പറ്റി വിശദീകരിക്കുന്നുണ്ട്. ചിൽഡ്രൻസ് ഹോമിൽ നിന്ന് പുറത്തു വരുന്ന കുട്ടികളുടെ സംരക്ഷണവും ജെ ജെ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ് എന്ന് വ്യക്തമായ സാഹചര്യത്തിൽ, വകുപ്പ് വിഭജന സമയത്ത് ഉണ്ടായ അപാകത പരിഹരിച്ച് തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് എന്ന സ്ഥാപനത്തെ സാമൂഹ്യ നീതി വകുപ്പിൽ നിന്നും വനിതാ-ശിശു വികസന വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു പ്രഭാകർ**

**സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ , വനിതാ-ശിശു വികസന വകുപ്പ്

ഡയറക്ടർ,സാമൂഹ്യ നീതി വകുപ്പ്

അക്കൌണ്ടന്റ് ജനറൽ(ജി& എസ് എസ് എ/എ& ഇ ) കേരളം , തിരുവനന്തപുരം .

ഡയറക്ടർ ,I&PRD,(Web&New Media.)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ